## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1865** **15-03-2022 - ൽ മറുപടിയ്ക്ക്**

## കുട്ടനാട്ടിലെ ജലഗതാഗതം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടുകാർ യാത്രാ ആവശ്യത്തിനായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ജലഗതാഗതം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | വെള്ളത്താൽ ചുറ്റപ്പെട്ടതും മറ്റ് യാത്രാ മാർഗ്ഗങ്ങളൊന്നുമില്ലാത്ത കുട്ടനാട്ടിൽ അധിവസിക്കുന്ന ആലപ്പുഴ, നെടുമുടി, പുളിങ്കുന്ന്, കാവാലം, എടത്വ, ചങ്ങനാശ്ശേരി എന്നീ സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 22 ബോട്ടു സർവ്വീസുകളിലായി ദിനംപ്രതി 110 ട്രിപ്പുകൾ വകുപ്പ് നടത്തിവരുന്നു. വിനോദസഞ്ചാരവും അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന 2 ഇരുനില ബോട്ടുകൾ ഉപയോഗിച്ച് 'സീ-കുട്ടനാട്' എന്ന പേരിൽ ഒരു പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസും 80 എ/സി, 40 നോൺ എ/സി സീറ്റുകളോടുകൂടിയതും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും വേഗ 2 ബോട്ടുപയോഗിച്ച് ആലപ്പുഴ-കുമരകം ടൂറിസ്റ്റ് സർവ്വീസും നടത്തിവരുന്നു. കൂടാതെ അടിയന്തര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി ഒരു റെസ്ക്യൂ ആന്റ് ഡൈവ് ആംബുലൻസ് ബോട്ടും ടൂറിസ്റ്റുകൾക്കായി ഒരു വാട്ടർ ടാക്സിയും കൈനകരി സർക്കുലർ സർവ്വീസും ടി മേഖലയിൽ ക്രമീകരിച്ചിട്ടുണ്ട്. ഇൻലാന്റ് നാവിഗേഷൻ മേഖലയിൽ സർക്കാർ തലത്തിൽ കേരളത്തിലെ തന്നെ ആദ്യ സംരഭം എന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 7.78 കോടി രൂപ ഭരണാനുമതിയോടുകൂടി പുതിയ ഡ്രൈഡോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു. ഇതുമൂലം കുട്ടനാട് മേഖലയിൽ സർവ്വീസ് മുടക്കം ഉണ്ടാകാതെ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നുണ്ട്. കാലപ്പഴക്കം ചെന്ന ബോട്ടുകൾ സർവ്വീസിൽ നിന്നും പിൻവലിച്ച് അത്യാധുനിക രീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾക്ക് പകരം സ്റ്റീൽ, കാറ്റമറൈൻ ഫൈബർ ബോട്ടുകൾ |

| | | | |
|---|---|---|---|
| | | | വകുപ്പ് ഉപയോഗിച്ചുവരുന്നു. കൂടാതെ സോളാർ ബോട്ടുകളും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കാറ്റമറൈൻ ബോട്ടുകളും കുട്ടനാട് മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പഴയ ബോട്ടുകൾ മാറ്റി ആധുനിക രീതിയിലുള്ള യാത്രാ ബോട്ടുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | വെള്ളത്താൽ ചുറ്റപ്പെട്ടതും മറ്റ് യാത്രാ മാർഗ്ഗങ്ങളൊന്നുമില്ലാത്ത കുട്ടനാട്ടിൽ അധിവസിക്കുന്ന ആലപ്പുഴ, നെടുമുടി, പുളിങ്കുന്ന്, കാവാലം, എടത്വ, ചങ്ങനാശ്ശേരി എന്നീ സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 22 ബോട്ട് സർവ്വീസുകളിലായി ദിനംപ്രതി 110 ട്രിപ്പുകൾ വകുപ്പ് നടത്തിവരുന്നു. വിനോദസഞ്ചാരവും അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രക്കാർക്ക് സഞ്ചരിക്കാവുന്ന 2 ഇരുനില ബോട്ടുകൾ ഉപയോഗിച്ച് 'സീ-കുട്ടനാട്' എന്ന പേരിൽ ഒരു പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസും 80 എ/സി, 40 നോൺ എ/സി സീറ്റുകളോടുകൂടിയതും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും വേഗ 2 ബോട്ടുപയോഗിച്ച് ആലപ്പുഴ-കുമരകം ടൂറിസ്റ്റ് സർവ്വീസും നടത്തിവരുന്നു. കൂടാതെ അടിയന്തര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി ഒരു റെസ്ക്യൂ ആന്റ് ഡൈവ് ആംബുലൻസ് ബോട്ടും ടൂറിസ്റ്റുകൾക്കായി ഒരു വാട്ടർ ടാക്സിയും കൈനകരി സർക്കുലർ സർവ്വീസും ടി മേഖലയിൽ ക്രമീകരിച്ചിട്ടുണ്ട്. ഇൻലാന്റ് നാവിഗേഷൻ മേഖലയിൽ സർക്കാർ തലത്തിൽ കേരളത്തിലെ തന്നെ ആദ്യ സംരംഭം എന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 7.78 കോടി രൂപ ഭരണാനുമതിയോടുകൂടി പുതിയ ഡ്രൈഡോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു. ഇതുമൂലം കുട്ടനാട് മേഖലയിൽ സർവ്വീസ് മുടക്കം ഉണ്ടാകാതെ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുന്നുണ്ട്. കാലപ്പഴക്കം ചെന്ന ബോട്ടുകൾ സർവ്വീസിൽ നിന്നും പിൻവലിച്ച് അത്യാധുനിക രീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി തടി ബോട്ടുകൾക്ക് പകരം സ്റ്റീൽ, കാറ്റമറൈൻ ഫൈബർ ബോട്ടുകൾ വകുപ്പ് ഉപയോഗിച്ചുവരുന്നു. കൂടാതെ സോളാർ ബോട്ടുകളും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ കാറ്റമറൈൻ ബോട്ടുകളും കുട്ടനാട് മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ